# 3

# സിലബസ് ഗ്രിഡ്

## പ്രശ്നമേഖല:
## ശാസ്ത്രീയമായ സ്ഥലജലമാനേജ്മെന്റിന്റെ അഭാവം.

### ഉപപ്രശ്നങ്ങൾ

- പ്രകൃതി വിഭവങ്ങൾ ശരിയായി സംരക്ഷിക്കപ്പെടേണ്ടതാണെന്ന ധാരണക്കുറവ്.
- മഴക്കെടുതിമൂലം ജനങ്ങൾ ദുരിതമനുഭവിക്കുന്നുണ്ട് എന്ന ധാരണക്കുറവ്.
- ജലക്ഷാമത്തിന്റെ രൂക്ഷത സംബന്ധിച്ച് വേണ്ടത്ര ധാരണയില്ലായ്മ.

### പഠനലക്ഷ്യങ്ങൾ

- വനനശീകരണം മൂലം ജീവജാലങ്ങളുടെ നിലനില്പ് അപകടത്തിലാകുന്നു എന്ന ആശയം കഥ, കവിത, ചിത്രങ്ങൾ, വാർത്തകൾ, സി.ഡി കൾ എന്നിവ വിശകലനം ചെയ്ത് ഉൾക്കൊള്ളുന്നു. സാഹിത്യപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആസ്വദിക്കുകയും ആസ്വാദനപരമായ കുറിപ്പുകൾ, വർണന, സംഭാഷണം, പോസ്റ്റർ തുടങ്ങിയ രചനകൾ നടത്തുകയും ചെയ്യുന്നു.
- മഴ ആനന്ദിപ്പിക്കുന്ന ഒരുപാട് അനുഭവങ്ങൾ നമുക്ക് നല്കുന്നുണ്ടെന്ന് കവിതകൾ വിശകലനം ചെയ്ത് ഉൾക്കൊള്ളുകയും ആസ്വാദനപരമായ കവിതാഭാഗങ്ങൾ കണ്ടെത്തുകയും മഴയുമായി ബന്ധപ്പെട്ട കവിതകൾ സ്വയം രചിക്കുകയും ചെയ്യുന്നു.
- തുടർച്ചയായി പെയ്യുന്ന മഴ, വെള്ളപൊക്കം, കൊടുങ്കാറ്റ്, ഇടിമിന്നൽ എന്നിവ ജനജീവിതത്തെ ദുരിതത്തിലാഴ്ത്തുന്നു എന്ന് വാർത്തകൾ, ചിത്രങ്ങൾ, ദൃശ്യങ്ങൾ, അനുഭവവിവരണം എന്നിവയിലൂടെ ബോധ്യപ്പെടുന്നു. കുറിപ്പ്, വിവരണം എന്നിവയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് സ്വതന്ത്ര രചനകൾ നടത്തുന്നു.
- അത്യാവശ്യകാര്യങ്ങൾക്കുപോലും വെള്ളം കിട്ടാതെ പ്രയാസപ്പെടുന്നവർ നമ്മുടെ നാട്ടിലുണ്ട് എന്നും വെള്ളം പാഴാക്കാതെ മിതമായി ഉപയോഗിക്കണമെന്നും സംരക്ഷിക്കണമെന്നും ചിത്രങ്ങൾ, കഥ, എന്നിവയിലൂടെ ധാരണനേടുകയും അടിക്കുറിപ്പ്, വാർത്ത, നാടകം തുടങ്ങിയ പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • വനസംരക്ഷണം. | • ജീവജാലങ്ങളുടെ വാസസ്ഥലമായ വനം സംരക്ഷിക്കപ്പെടേണ്ടതാണ്.<br>• കഥ നടന്ന സ്ഥലം, സംഭവങ്ങൾ, കഥാപാത്രസ്വഭാവം എന്നിവ കഥയുടെ പ്രധാനപ്പെട്ട ചില സവിശേഷതകളാണ്.<br>• പ്രകൃതി സൗന്ദര്യത്തെ ആസ്വദിക്കുകയും ആസ്വദിപ്പിക്കുകയും ചെയ്യുന്നത് നമുക്കും മറ്റുള്ളവർക്കും സന്തോഷം നല്കും.<br>• കാഴ്ച, കേൾവി, ഗന്ധം എന്നിവയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വായനക്കാരന്റെ മനസ്സിൽ ഉണർത്താൻ കഴിയും വിധം എഴുതുമ്പോഴാണ് വർണന ഫലപ്രദമാകുന്നത്. | • ചിത്രം, കഥ, കവിത, വാർത്തകൾ, സി.ഡി (പ്രകൃതിഭംഗി യുടെ മനോഹാരിതയും പ്രകൃതി ചൂഷണവും സൂചിപ്പിക്കുന്നവ)<br>• കഥ, (വനസംരക്ഷണം)<br>• ഗദ്യ വർണന | • വനങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന തിരിച്ചറിവ്. | • വനനശീകരണം പ്രമേയമായി വരുന്ന കഥകൾ വായിച്ച് അപഗ്രഥിച്ച് താരതമ്യപ്പട്ടിക, ചർച്ചാക്കുറിപ്പ്, ആശയഭൂപടം, അഭിപ്രായക്കുറിപ്പ് എന്നിവ തയാറാക്കി അവതരിപ്പിക്കുന്നു. കഥയിലെ ആശയവുമായി ബന്ധപ്പെട്ട സംഭാഷണം, പോസ്റ്റർ എന്നിവ നിർമിക്കുന്നു. കഥാപൂരണ ഭാഗം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങൾ, കഥനടക്കുന്ന സ്ഥലം, പ്രത്യേകതകൾ, സന്ദേശം എന്നിവ ചർച്ച ചെയ്ത് കഥ പൂർത്തിയാക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു.<br>• കഥകളിലും മറ്റു ഗദ്യഭാഗങ്ങളിലുമുള്ള വർണനകൾ പരിശോധിക്കുകയും വർണനകളിലെ സവിശേഷതകൾ കണ്ടെത്തി ഇഷ്ടപ്പെട്ട ദൃശ്യം/ കാഴ്ച/ അനുഭവം എന്നിവയെക്കുറിച്ച് വർണന തയാറാക്കുന്നു. | • അഭിപ്രായക്കുറിപ്പ്, സംഭാഷണം, കഥ, വർണന എന്നിവ ഉല്പന്നത്തിന്റെ സൂചകങ്ങൾ വച്ചും രചനയുടെ പ്രക്രിയാഘട്ടത്തിലും വിലയിരുത്തുന്നു. സ്വയം വിലയിരുത്തൽ, പരസ്പരം വിലയിരുത്തൽ എന്നിവയ്ക്ക് അവസരമുണ്ടാക്കുന്നു. |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • മഴക്കാല കൗതുകങ്ങൾ | • മഴ ആനന്ദിപ്പിക്കുന്ന ഒട്ടേറെ അനുഭവങ്ങൾ നമുക്കു നല്കുന്നു.<br>• അനുയോജ്യമായ ഭാവം, താളം, ഈണം എന്നിവയോടെ ആശയം വ്യക്തമാകും വിധം അവതരിപ്പിക്കുമ്പോഴാണ് കവിതാലാപനം മികവുറ്റതാവുക.<br>• വിഷയസമഗ്രതയും ഭാവനാത്മകതയും അനുയോജ്യമായ പദങ്ങളുടെ വിന്യാസവും കവിതയെ മികവുറ്റതാക്കും. | • മഴക്കവിതകൾ | • മഴയുടെ വ്യത്യസ്തഭാവങ്ങൾ ആസ്വാദിക്കാനുള്ള മനോഭാവം. | • കവിത ഈണത്തിലും താളത്തിലും സംഘമായി ചൊല്ലി അവതരിപ്പിക്കുന്നു.<br>• കവിതയിലെ ഇഷ്ടഭാഗം തെരഞ്ഞെടുത്ത് ഇഷ്ടപ്പെടാനുള്ള കാരണം വിശദമാക്കുന്ന കുറിപ്പുകൾ തയ്യാറാക്കുന്നു.<br>• മഴയുമായി ബന്ധപ്പെട്ട കവിതകൾ സ്വയം രചിക്കുന്നു. | • കവിതാലാപനം - സ്വയം/ പരസ്പരം വിലയിരുത്തൽ<br>• കുറിപ്പ്- ആശയസമഗ്രത, ലളിതമായ ഭാഷ, യുക്തിപൂർവ്വമായ അവതരണം.<br>• കവിതാരചന- ഉല്പന്നം പ്രക്രിയ എന്നീ തലങ്ങളിൽ വിലയിരുത്തൽ |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • മഴക്കെടുതികൾ. | • മഴക്കാലത്തു ഉണ്ടാകുന്ന വെള്ളപ്പൊക്കം, ഇടിമിന്നൽ, കൊടുങ്കാറ്റ് എന്നിവ മൂലം ജനങ്ങൾ ദുരിതമനുഭവിക്കുന്നു.<br>• വസ്തുക്കൾ, വ്യക്തികൾ, സംഭവങ്ങൾ, ദൃശ്യങ്ങൾ, ചിത്രങ്ങൾ എന്നിവയുടെ നേരനുഭവം കിട്ടത്തക്ക രീതിയിൽ വസ്തുനിഷ്ഠമായി പറയുന്നതാണ് വിവരണം. ശൈലികൾ, ചൊല്ലുകൾ, പ്രയോഗങ്ങൾ എന്നിവ വിവരണത്തിന് ശക്തി പകരുന്നു.<br>• നമുക്കു വന്നു ചേരുന്ന കഷ്ടതകളെ കൂട്ടായ ശ്രമങ്ങളിലൂടെ കുറെയൊക്കെ മറികടക്കാൻ സാധിക്കും. | • അനുഭവവിവരണം<br>• വാർത്ത<br>• സി.ഡി, ചിത്രങ്ങൽ | • ദുരിതമനുഭവിക്കുന്നവരോടുള്ള സഹായ മനസ്കത. | • അനുഭവവിവരണം വായിച്ച് ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ കഷ്ടനഷ്ടങ്ങളെക്കുറിച്ച് സങ്കല്പിച്ചെഴുതി കുറിപ്പുണ്ടാക്കുന്നു.<br>• ദൃശ്യങ്ങൾ, അനുഭവങ്ങൾ എന്നിവ കൂട്ടുകാരുമായി പങ്കുവയ്ക്കുന്നു. ഇഷ്ടപ്പെട്ട ഒന്നിനെക്കുറിച്ച് വിവരണം തയാറാക്കുന്നു.<br>• അനുഭവവിവരണം വായിച്ച് ശൈലികൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ എന്നിവ പരിശോധിച്ച് വിവരണം മെച്ചപ്പെടുത്തുന്നു.<br>• അനുഭവവിവരണത്തെയും സ്വാനുഭവങ്ങളെയും അപഗ്രഥിച്ച് കുറിപ്പ് തയാറാക്കുന്നു. | • കുറിപ്പ്<br>സ്വയം/ഗ്രൂപ്പ്/ വിലയിരുത്തൽ ഫോർട്ട് പോളിയോ വിലയിരുത്തൽ വസ്തുനിഷ്ഠത, സംക്ഷിപ്തത, ആശയസമഗ്രത.<br>• വിവരണം<br>സ്വയം/ഗ്രൂപ്പ്/ പോർട്ട് ഫോളിയോ വിലയിരുത്തൽ. വസ്തുനിഷ്ഠത, നേരനുഭവ പ്രതീതി, ആശയ സമഗ്രത.<br>• കുറിപ്പ്<br>സ്വയം/ഗ്രൂപ്പ് വിലയിരുത്തൽ ഫോർട്ട് പോളിയോ. വിലയിരുത്തൽ |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • ജലക്ഷാമം | • ജലക്ഷാമംമൂലം ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങൾ നമുക്കിടയിലുണ്ട്.<br>• നടന്ന സംഭവങ്ങളെ വായനാതാല്പര്യം ഉണർത്തുന്ന വിധത്തിലുള്ള ശീർഷകം, സ്ഥലകാലസൂചനകൾ, മറ്റു വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തി ലളിതമായ ഭാഷയിലും പ്രാധാന്യക്രമത്തിലും എഴുതുമ്പോഴാണ് നല്ലൊരു വാർത്ത ഉണ്ടാകുന്നത്.<br>• കഥയെ നാടകമാക്കുമ്പോൾ സംഭവങ്ങൾ, അവ നടക്കുന്ന രംഗങ്ങൾ തയാറാക്കൽ, കഥാപാത്രങ്ങളുടെ സ്വഭാവത്തിന് യോജിച്ച സംഭാഷണങ്ങൾ എന്നിവയിൽ ശ്രദ്ധിക്കേണ്ടതുണ്ട്. | • കഥ<br>• വാർത്ത | • ജലം കരുതലോടെ ഉപയോഗിക്കാനുള്ള മനോഭാവം. | • ജലക്ഷാമം മൂലമുള്ള ദുരിതങ്ങൾ പ്രമേയമായി വരുന്ന കഥ വായിച്ച് അപഗ്രഥിക്കുന്നു. അപഗ്രഥനപരമായ ചർച്ചകൾ നടത്തുന്നു; കുറിപ്പുകൾ തയാറാക്കുന്നു, കഥയിലെ അവസ്ഥയെ നമ്മുടെ നാട്ടിലെ അവസ്ഥയുമായി താരതമ്യം ചെയ്യുകയും വാർത്തകൾ രചിച്ച് വാർത്താപത്രിക തയാറാക്കുകയും ചെയ്യുന്നു.<br>• വാർത്ത തയാറാക്കാനായി വാർത്താമാതൃകകൾ പരിശോധിക്കുകയും വാർത്ത തയാറാക്കി സ്വന്തമായും പരസ്പരവും വിലയിരുത്തി മെച്ചപ്പെടുത്തുകയും ചെയ്യുന്നു.<br>• നാടകപൂരണം സംബന്ധിച്ച ചർച്ചകൾ നടത്തുകയും നാടകം പൂർത്തിയാക്കിയ ശേഷം മെച്ചപ്പെടുത്തി അവതരിപ്പിക്കുകയും ചെയ്യുന്നു. | • അടിക്കുറിപ്പ്<br>• ചർച്ച<br>• താരതമ്യക്കുറിപ്പ്<br>• വാർത്ത<br>• നാടകം- രചന അവതരണം |

## പ്രശ്നമേഖല: സാസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്ര വികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ

**ഉപപ്രശ്നങ്ങൾ**

- നമ്മുടെ നാടിന്റെ കലാപാരമ്പര്യം തിരിച്ചറിയുന്നില്ല.

**പഠനലക്ഷ്യങ്ങൾ**

- കവിത, വിവരണം, ആത്മകഥ, എന്നിവ വായിച്ച് വിശകലനം ചെയ്യുന്നതിലൂടെ കേരളത്തിൽ മഹത്തായ കലാപാരമ്പര്യമുണ്ടെന്നും അവയുടെ തനിമ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും അവ സംരക്ഷിക്കപ്പെടേണ്ടതാണെന്നും തിരിച്ചറിയുന്നു. ആസ്വാദനപരമായ കുറിപ്പുകൾ, വിവരണം ആത്മകഥ തുടങ്ങിയ രചനകളിൽ ഏർപ്പെടുന്നു.

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • കേരളത്തിന്റെ കലാപാരമ്പര്യം. | • കേരളത്തിന് മഹത്തായ ഒരു കലാപാരമ്പര്യമുണ്ട്.<br>• ഈണം, താളം, ആശയം എന്നിവ ഉൾക്കൊണ്ടു ഭാവാത്മകമായി അവതരിപ്പിക്കുമ്പോഴാണ് കവിതകൾ ആസ്വാദ്യമായിത്തീരുന്നത്.<br>• വ്യക്തികളുടെ രൂപം, ഭാവം, സ്വഭാവം എന്നിവ വസ്തുനിഷ്ഠമായി പറയുന്നതാണ് വ്യക്തി വിവരണം.<br>• തുള്ളൽക്കവിത നമ്മെ ചിരിപ്പിക്കുന്നതോടൊപ്പം ചിന്തിപ്പിക്കുകയും ചെയ്യുന്നു.<br>• കവിതകളിലെ ആശയം, അർത്ഥഭംഗി, ശബ്ദഭംഗി എന്നിവ ഉൾപ്പെടുത്തിയാണ് ആസ്വാദനക്കുറിപ്പ് എഴുതുന്നത്. | • വിവിധ കലാരൂപങ്ങളുടെ ചിത്രങ്ങൾ<br>• കവിത (തുള്ളൽ)<br>• മാപ്പിളക്കലകൾ (ചിത്രം, പാട്ട്)<br>• സി.ഡികൾ<br>• കലാരൂപങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ (വായനസാമഗ്രി) | • നമ്മുടെ കലാപാരമ്പര്യത്തിൽ അഭിമാനം, കലാസ്വാദന താല്പര്യം. | • പരിചിതമായ കലാരൂപങ്ങളുടെ സൂചനകൾ ലഭിക്കുന്ന ചോദ്യങ്ങൾ നിർമിക്കുന്നു.<br>• ചിത്രങ്ങളും സൂചനകളും താരതമ്യം ചെയ്ത് ബന്ധം കണ്ടെത്തി സമർത്ഥിക്കുന്നു.<br>• തുള്ളൽപ്പാട്ട് ഈണത്തിലും താളത്തിലും സംഘമായി പാടി അവതരിപ്പിക്കുന്നു.<br>• കവിത വിശകലനം ചെയ്ത് ചിത്രവുമായി താരതമ്യം ചെയ്ത് പട്ടികകൾ തയാറാക്കി ക്രോഡീകരിച്ച് വ്യക്തി വിവരണം തയാറാക്കുന്നു.<br>• കവിതയുടെ ആശയം, ആശയത്തെ പ്രകാശിപ്പിക്കാൻ ഉപയോഗിച്ച വരികൾ, വരികൾക്കിണങ്ങിയ പദങ്ങളുടെ തിരഞ്ഞെടുപ്പ് എന്നിവ വിശകലനം ചെയ്തും സമാനമായ കവിതകൾ, വായനസാമഗ്രി എന്നിവ പരിശോധിച്ചും ആസ്വാദനക്കുറിപ്പുകൾ തയാറാക്കുന്നു. | പഠനത്തെളിവുകൾ<br>• വർക്ക് ഷീറ്റ്<br>• പദസൂര്യൻ<br>• ആലാപനം<br>• പട്ടിക<br>• വിവരണം<br>• ചർച്ചാക്കുറിപ്പ്<br>• വർക്ക് ഷീറ്റ്<br>• താരതമ്യക്കുറിപ്പ്<br>• ആസ്വാദനക്കുറിപ്പ് |

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • നാടൻ കലാപാരമ്പര്യം. | • ഓരോ പ്രദേശത്തും തനതായ കലാരൂപങ്ങളുണ്ട്.<br>• വിവരണത്തിലൂടെ സംഭവങ്ങളെയും ദൃശ്യങ്ങളെയും നേരിൽ കാണുന്നതുപോലെ അവതരിപ്പിക്കാൻ കഴിയുന്നത് തത്സമയം നടക്കുന്ന കാര്യങ്ങൾ പോലെ തോന്നിക്കുന്ന വാക്യങ്ങൾ തയാറാക്കി ഉൾപ്പെടുത്തുമ്പോഴാണ്.<br>• പ്രാദേശിക കലാരൂപങ്ങളുടെ ഉത്ഭവം, ചരിത്രം എന്നിവ പ്രതിപാദിക്കുന്ന പാട്ടുകൾ, കഥകൾ, ഐതിഹ്യങ്ങൾ എന്നിവ നിലവിലുണ്ട്.<br>• അന്വേഷിച്ച് കണ്ടെത്തിയതും ശേഖരിച്ചതുമായ വിവരങ്ങളെയും വ്യവഹാര രൂപങ്ങളെയും ആകർഷകമായ രീതിയിൽ ക്രമീകരിച്ച് അവതരിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് ചുമർപത്രിക. | • കലാരൂപങ്ങളുടെ ചിത്രങ്ങൾ.<br>• കലാരൂപങ്ങളുടെ പാട്ടുകൾ.<br>• കലാരൂപങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, വിവരണം. | • തന്റെ പ്രദേശത്തെ നാടൻ കലാപാരമ്പര്യത്തെക്കുറിച്ചുള്ള അന്വേഷണ കൗതുകം. | • നാടൻ കലകളുടെ വിവരണ ഭാഗങ്ങൾ വായിച്ചും സി.ഡികൾ കണ്ടും കൊളാഷുകൾ പരിശോധിച്ചും പ്രാദേശിക വൈവിധ്യം ചർച്ച ചെയ്യുകയും തന്റെ പ്രദേശത്തെ നാടൻ കലാരൂപങ്ങളുടെ വിവരണം തയാറാക്കുകയും ചെയ്യുന്നു.<br>• വിവിധ ചുമർ മാസികകൾ പരിശോധിച്ച് ഉള്ളടക്കം, ആകർഷണീയത എന്നിവ വിശകലനം ചെയ്ത് അന്വേഷിച്ച് കണ്ടെത്തിയതും ശേഖരിച്ചതുമായ വിവരങ്ങളെയും വ്യവഹാര രൂപങ്ങളെയും ആകർഷകമായ രീതിയിൽ ക്രമീകരിച്ച് ചുമർപത്രിക നിർമിക്കുന്നു. | • ചുമർപത്രത്തിന്റെ ആകർഷണീയത, ഉള്ളടക്ക വൈവിധ്യം, ശീർഷകം എന്നിവ സ്വയം/പരസ്പരം വിലയിരുത്തൽ<br>• ഗ്രൂപ്പ് പ്രവർത്തനം പങ്കാളിത്തം, ആശയവിനിമയം, വിഷയത്തിലെ ഊന്നൽ എന്നിവയുടെ വിലയിരുത്തൽ. |

28 മലയാളം

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • നാടൻ കലാപാരമ്പര്യം. | • പ്രാദേശിക ജീവിതവുമായി ബന്ധപ്പെട്ടവയാണ് നാടൻ കലകൾ.<br>• സ്വന്തം ജീവിതത്തിലെ അനുഭവങ്ങൾ മറ്റുള്ളവർക്ക് രസം പകർന്നു വിജ്ഞാന പ്രദമായ രീതിയിൽ അവതരിപ്പിക്കുന്നത് ആത്മകഥയുടെ പ്രത്യേകതയാണ്. | • ആത്മകഥ | • കലാകാരന്മാരോടുള്ള ആദരവ്, സ്നേഹം. | • വ്യത്യസ്തങ്ങളായ ആത്മകഥാഭാഗങ്ങൾ വായിച്ച് അവതരണശൈലിയിലെ വൈവിധ്യം, ഭാഷ, ആനുകാലിക ജീവിതങ്ങളുടെ പ്രതിഫലനം എന്നിവ വിശകലനം ചെയ്ത് ആത്മകഥനങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തുകയും ആത്മകഥാക്കുറിപ്പുകൾ തയാറാക്കുകയും ചെയ്യുന്നു. | • ആത്മകഥാക്കുറിപ്പിന്റെ അവതരണശൈലി, ഭാഷാപരമായ മികവ്, സ്വന്തം സത്ത വെളിവാക്കുന്ന ഘടകങ്ങൾ, മനസ്സിൽ തട്ടിയ അനുഭവങ്ങളിൽ ഊന്നിയ രചന എന്നിവ അധ്യാപികയും ഗ്രൂപ്പുതലത്തിലും സ്വന്തമായും വിലയിരുത്തുന്നു. |

## പ്രശ്നമേഖല:
## പരിസ്ഥിതിസൗഹൃദപരമായ വ്യവസായവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും അഭാവം.

**ഉപപ്രശ്നങ്ങൾ**

- അശാസ്ത്രീയമായ നഗരവത്ക്കരണത്തിന്റെ ഫലമായി മാലിന്യസംസ്കരണത്തിൽ നേരിടുന്ന പ്രയാസം തിരിച്ചറിയുന്നില്ല.

**പഠനലക്ഷ്യങ്ങൾ**

- പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹീതമായിരുന്ന നമ്മുടെ നാട് അശാസ്ത്രീയമായ നഗരവൽക്കരണം കൊണ്ടും മറ്റും മലിനമായിക്കൊണ്ടിരിക്കുകയാണെന്നും ഇത് സകലജീവജാലങ്ങളുടെയും ജീവിതം ദുസ്സഹമാക്കുന്നുവെന്നുള്ള ആശയം കവിത, ചിത്രങ്ങൾ, വാർത്താകൊളാഷ്, നാടകം, സി.ഡികൾ എന്നിവ വിശകലനം ചെയ്ത് ഉൾക്കൊള്ളുന്നു. സാഹിത്യപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആസ്വദിക്കുകയും കുറിപ്പ്, അഭിപ്രായക്കുറിപ്പ്, വാർത്ത, ആത്മകഥ, നാടകം തുടങ്ങിയ രചനാത്മകമായ പ്രതികരണ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുന്നു.

| പഠന പ്രമേയം | ആശയങ്ങൾ/<br>ധാരണകൾ | ഒരുക്കേണ്ട<br>വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര<br>പ്രകടിതരൂപം | വിലയിരുത്തലു<br>കൾ |
|---|---|---|---|---|---|
| • കേരളത്തിന്റെ പ്രകൃതി സൗന്ദര്യം | • പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹിക്കപ്പെട്ട നാടാണ് നമ്മുടെ കേരളം.<br>• വാക്കുകൾ കൊണ്ട് വരയ്ക്കുന്ന മനോഹരമായ ചിത്രങ്ങൾ (വാങ്മയചിത്രങ്ങൾ) കവിതയെ ഏറെ ആസ്വാദ്യമാക്കുന്നു.<br>• അശാസ്ത്രീയമായ നഗരവത്ക്കരണം മൂലം പ്രകൃതി മലിനമായി കൊണ്ടിരിക്കുന്നു. ഇത് സകല ജീവജാലങ്ങളുടെയും ജീവിതം ദുസ്സഹമാക്കുന്നു.<br>• ഒരു പ്രശ്നം, അതിന്റെ കാരണങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ എന്നിവ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി തയാറാക്കുന്ന അറിയിപ്പുരൂപമാണ് അഭ്യർത്ഥന.<br>• മലിനീകരണം എന്ന പ്രശ്നത്തക്കുറിച്ച് ചിന്തിപ്പിക്കാൻ നാടകം എന്ന കലാരൂപത്തിന് സാധിക്കും.<br>• കഥാപാത്രങ്ങളുടെ സ്വഭാവം, സംഭവങ്ങൾ, രംഗങ്ങളുടെ ക്രമപ്പെടുത്തൽ, കഥാപാത്രങ്ങളുടെ സ്വഭാവങ്ങൾക്കനുയോജ്യമായ സംഭാഷണം എന്നിവ നാടകത്തിന്റെ സവിശേഷതകളാണ്. | • പ്രകൃതിവർണ്ണനാപരമായ കവിതകൾ, സി.ഡി.കൾ, ചിത്രങ്ങൾ.<br>• മാലിന്യപ്രശ്നവുമായി ബന്ധപ്പെട്ട വാർത്താകൊളാഷ്, നാടകം, നാടകം തയാറാക്കാനുള്ള ചിത്രകഥകൾ. | • പ്രകൃതിയെ പരിപാലിക്കാനുള്ള താല്പര്യം.<br>• മലിനീകരണത്തിനെതിരെ സാധ്യമായ രീതിയിൽ ഇടപെടാനുള്ള സന്നദ്ധത. | • കേരളത്തിന്റെ പ്രകൃതിഭംഗി വിവരിക്കുന്ന ചിത്രങ്ങൾ, സി.ഡികൾ എന്നിവ വിശകലനം ചെയ്തും കവിത വായിച്ചും ചർച്ചകൾ നടത്തിയും കുറിപ്പ്, അഭിപ്രായക്കുറിപ്പ് എന്നിവ നിർമിക്കുന്നു. കവിതയിലെ വർണ്ണന ചിത്രം വരച്ച് ആവിഷ്ക്കരിക്കുന്നു. കേരളീയ ഭംഗി ചിത്രീകരിക്കുന്ന മറ്റു കവിതകളും ഗാനങ്ങളും കണ്ടെത്തി ശേഖരിക്കുന്നു.<br>• നഗരമലിനീകരണം പ്രമേയമായി വരുന്ന വാർത്താകൊളാഷ്, ചിത്രങ്ങൾ എന്നിവ വിശകലനം ചെയ്തും നാടകങ്ങൾ വായിച്ചും കുറിപ്പ്, അഭ്യർത്ഥന, ആത്മകഥ, ചിത്രങ്ങൾ എന്നിവ നിർമിക്കുന്നു. നാടകീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ പരിചയപ്പെട്ട് റോൾപ്ലേ, മൈമിംഗ് എന്നീ രീതിയിൽ അവതരിപ്പിക്കുകയും ചിത്രകഥകളിൽ നിന്നും നാടകങ്ങൾ രചിച്ച് രംഗസജീകരണം നടത്തി അവതരിപ്പിക്കുകയും ചെയ്യുന്നു. | • ചർച്ചയിലെ പങ്കാളിത്തം<br>• അഭ്യർത്ഥന, അഭിപ്രയാക്കുറിപ്പ്, ചിത്രം എന്നിവ സൂചകങ്ങൾ വച്ച് വിലയിരുത്തൽ.<br>• നാടകത്തിന്റെ ഉള്ളടക്കം, അവതരണം, രംഗസജീകരണം, അഭിനയം. |

## പ്രശ്നമേഖല:
## വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ.

### ഉപപ്രശ്നങ്ങൾ

- ചുറ്റും നടക്കുന്ന ചലനങ്ങളോടും മാറ്റങ്ങളോടും താല്പര്യമില്ലായ്മ.
- പ്രകൃതിയോടുള്ള ഇണക്കത്തിന്റെ ആവശ്യകത തിരിച്ചറിയുന്നില്ല.

### പഠനലക്ഷ്യങ്ങൾ

- ചിത്രങ്ങൾ, സി.ഡി കൾ, കവിതകൾ, യാത്രാവിവരണങ്ങൾ എന്നിവ പരിശോധിക്കുകയും ആസ്വദിക്കുകയും ചെയ്ത് പ്രപഞ്ചവിസ്മയങ്ങൾ തിരിച്ചറിയുകയും കുറിപ്പുകൾ, കവിത, ചുമർപത്രിക, യാത്രാവിവരണം എന്നിവ തയാറാക്കുകയും ചെയ്യുന്നു.

| പഠന പ്രമേയം | ആശയങ്ങൾ/ ധാരണകൾ | ഒരുക്കേണ്ട വിഭവങ്ങൾ | മനോഭാവം | പ്രക്രിയ/ ആവിഷ്ക്കാര പ്രകടിതരൂപം | വിലയിരുത്തലുകൾ |
|---|---|---|---|---|---|
| • പ്രപഞ്ച വിസ്മയങ്ങൾ. | • പ്രപഞ്ചദൃശ്യങ്ങളും അനുഭവങ്ങളും വിസ്മയമുളവാക്കുന്നു.<br>• കവിതയുടെ ആശയം പ്രകടിപ്പിക്കുന്നതിന് യോജിച്ച വരികൾ, പദങ്ങൾ, പ്രയോഗങ്ങൾ എന്നിവയാണ് കവിതയെ ആസ്വാദ്യമാക്കുന്നത്.<br>• പ്രകൃതിയിലെ അത്ഭുതങ്ങളെ അടുത്തറിയുന്നതിന് യാത്രകൾ സഹായിക്കുന്നു.<br>• ജനത, ജീവിതരീതി, പ്രകൃതി ദൃശ്യങ്ങൾ എന്നിവയെക്കുറിച്ച് നേരനുഭവ പ്രതീതിയുണ്ടാക്കുന്നതാണ് യാത്രാവിവരണം.<br>• ഇഷ്ടപ്പെട്ട ദൃശ്യങ്ങൾ, വിസ്മയാനുഭവങ്ങൾ എന്നിവ ആവിഷ്ക്കരിക്കുന്നതിന് അനുയോജ്യമായ പ്രയോഗ വിശേഷങ്ങളും വർണ്ണനകളും യാത്രാവിവരണത്തിന് ഭംഗി നൽകുന്നു. | • പ്രകൃതിവർണ്ണനാപരമായ കവിതകൾ, ചിത്രങ്ങൾ, സി.ഡികൾ<br>• യാത്രാവിവരണം. | • പ്രകൃതിയെ സാകൂതം കാണുന്നതിനുള്ള മനോഭാവം. | • അത്ഭുതകരമായ അനുഭവങ്ങൾ, കാഴ്ചകൾ എന്നിവയുടെ ചിത്രങ്ങൾ, സി.ഡികൾ എന്നിവ കണ്ട് സ്വതന്ത്രപ്രതികരണങ്ങളിലേർപ്പെടുകയും ലഘു വർണ്ണനകൾ നിർമിക്കുകയും ചെയ്യുന്നു. പ്രപഞ്ച ദൃശ്യങ്ങളുടെ അത്ഭുതം പ്രതിഫലിപ്പിക്കുന്ന കവിത വായിച്ച് ആസ്വദിച്ച് ആലാപനത്തിലേർപ്പെടുന്നു; പ്രകൃതിയിലെ സൂക്ഷ്മഭാവങ്ങൾ നിരീക്ഷിച്ച് അവ വിഷയമായി വരുന്ന കവിതകൾ നിർമിക്കുന്നു.<br>• പ്രപഞ്ചദൃശ്യങ്ങളും അനുഭവങ്ങളും വിവരിക്കുന്ന യാത്രാവിവരണം വായിച്ചാസ്വദിച്ച് യാത്രയിലെ കാഴ്ചകൾ, സംഭവങ്ങൾ, ജനങ്ങൾ, ജീവിതരീതി എന്നിവ സൂക്ഷ്മമായി നിരീക്ഷിച്ച് വിശകലനം ചെയ്യുകയും വായനാക്കുറിപ്പ് തയാറാക്കുകയും ചെയ്യുന്നു.<br>• പത്രങ്ങൾ, മാസികകൾ മുതലായവയിൽ നിന്നും അത്ഭുതകരമായ ദൃശ്യങ്ങൾ, വാർത്തകൾ മുതലായവ ശേഖരിച്ച് ചുമർപത്രിക തയാറാക്കുന്നു.<br>• യാത്രയിലെ കാഴ്ചകൾ, സംഭവങ്ങൾ, ജനങ്ങൾ, ജീവിതരീതി, സസ്യജന്തുജാലങ്ങൾ എന്നിവ സൂക്ഷ്മമായി നിരീക്ഷിച്ച് വിശകലനം ചെയ്ത് യാത്രാവിവരണം തയാറാക്കുന്നു. | • ആലാപനം<br>ഈണം, താളം, ഭാവം, ഉച്ചാരണം ഗ്രൂപ്പിലെ പങ്കാളിത്തം.<br>• കവിതാരചന<br>ആശയം, വരികൾ, പദങ്ങൾ, പ്രയോഗങ്ങൾ, താളം<br>• വായനാക്കുറിപ്പ്<br>എഴുത്തുകാരൻ, സന്ദർശിച്ച സ്ഥലം എന്നിവ സൂചിപ്പിക്കുന്നു. യാത്രാനുഭവം സംക്ഷിപ്തമായി പറഞ്ഞിട്ടുണ്ട്. സ്വന്തം അഭിപ്രായം രേഖപ്പെടുത്തുന്നു.<br>• ചുമർപത്രിക<br>ഉള്ളടക്കത്തിന്റെ വൈവിധ്യം ലേ-ഔട്ട് ശീർഷകം.<br>• യാത്രാവിവരണം<br>• നേരനുഭവ പ്രതീതി.<br>• യാത്രാനുഭവങ്ങളുടെ സംക്ഷിപ്തത<br>• ഭാഷാപരമായ മികവ് |